**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3052** **01-03-2023 - ൽ മറുപടിയ്ക്ക്**

**വണ്ടൂർ നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പിന് കീഴിൽ വണ്ടൂർ മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പിന് കീഴിൽ വണ്ടൂർ മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ **നിരത്ത് വിഭാഗം, കെട്ടിട വിഭാഗം, പാലം വിഭാഗം** പ്രവൃത്തികളുടെ വിവരം അനുബന്ധമായി യഥാക്രമം I, II, III ആയി ചേർക്കുന്നു.<br><br>വണ്ടൂർ നിയോജമണ്ഡലത്തിൽപ്പെട്ട മഞ്ചേരി -വണ്ടൂർ -കാളികാവ് റോഡിൽ നിർമ്മിക്കുന്ന വാണിയമ്പലം റെയിൽവെ മേൽപ്പാലത്തിന്റെ നിർമ്മാണ ചുമതല **ആർ.ബി.ഡി.സി.കെ.യെ** ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്. വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**കെ.ആർ.എഫ്.ബി (പി.എം.യു)**<br><br>1. മലയോര ഹൈവേ പൂക്കോട്ടുംപാടം- കാളിക്കാവ്- കരുവാരക്കുണ്ട്- ചിറയ്ക്കൽ റോഡ്<br><br>മലയോര ഹൈവേ പ്രവൃത്തിയ്ക്ക് 3500 കോടി രൂപയുടെ തത്ത്വത്തിൽ ഭരണാനുമതി നല്കി.<br><br>എ) ഫേസ് 1- കാളിക്കാവ് മുതൽ കരുവാരക്കുണ്ട്- ചിറക്കൽ കി.മീ.60/200- കി.മീ.68/900 വരെ<br><br>നിലവിൽ പ്രവർത്തിയുടെ 40% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ബി) ഫേസ്-2 പൂക്കോട്ടുംപാടം മുതൽ കാളിക്കാവ് കി.മീ.47/390-60/200 വരെ<br><br>കരാർ വയ്ക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.<br><br>2) പല്ലിശ്ശേരി അമ്പലക്കടവ് റോഡ് |

| | | | |
|---|---|---|---|
| | | | പ്രസ്തുത പ്രവൃത്തിയ്ക്ക് 10 കോടി രൂപയുടെ തത്ത്വത്തിൽ ഭരണാനുമതി നല്കി. ഡി.പി.ആർ സാമ്പത്തികാനുമതിയ്ക്കായി കിഫ്ബിയിൽ സമർപ്പിച്ചു.<br><br>3) പൂളമണ്ണ-താളിയാങ്കുണ്ട്- വാണിയമ്പലം റോഡ്<br><br>പ്രസ്തുത പ്രവൃത്തിയ്ക്ക് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കുകയും നിലവിൽ 90% പൂർത്തീകരിക്കുകയും ചെയ്തു.<br><br>4) മലപ്പുറം ജില്ലയിലെ മുണ്ടേങ്ങര പുള്ളിപ്പാടം ഓടായിൽക്കൽ വീട്ടിക്കുന്ന് (കി.മീ.0/000-15/350) റോഡ്<br><br>പ്രസ്തുത പ്രവർത്തി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് 15 കോടി രൂപയുടെ തത്ത്വത്തിൽ ഭരണാനുമതി നല്കി. പദ്ധതി വേഗത്തിലാക്കുന്നതിന് ആദ്യ ഘട്ടം എന്ന നിലയിൽ മുണ്ടേങ്ങര മുതൽ ഓടായിക്കൽ വരെ (കി.മീ.0/000-8/200) യുള്ള റോഡ് നവീകരിക്കുന്നതിന് പുതുക്കിയ ഡി.പി.ആർ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>2023-23 സാമ്പത്തിക വർഷത്തേയ്ക്ക് വണ്ടൂർ മണ്ഡലത്തിലെ കുലിപ്പറമ്പ്-കുരാട്-പള്ളിപ്പടി-മമ്പാട്ടുമൂല, കരുവാരക്കുണ്ട്-കുട്ടത്തി-നീലഞ്ചേരി-കാളിക്കാവ് എന്നീ റോഡുകളിൽ റണ്ണിംഗ് കോൺട്രാക്ട് -1 എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കുമോ? | (ബി) | 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പിന് കീഴിൽ വണ്ടൂർ മണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ **നിരത്ത് വിഭാഗം, കെട്ടിട വിഭാഗം, പാലം വിഭാഗം** പ്രവൃത്തികളുടെ വിവരം അനുബന്ധമായി യഥാക്രമം I, II, III ആയി ചേർക്കുന്നു.<br><br>വണ്ടൂർ നിയോജമണ്ഡലത്തിൽപ്പെട്ട മഞ്ചേരി -വണ്ടൂർ -കാളികാവ് റോഡിൽ നിർമ്മിക്കുന്ന വാണിയമ്പലം റെയിൽവെ മേൽപ്പാലത്തിന്റെ നിർമ്മാണ ചുമതല **ആർ.ബി.ഡി.സി.കെ.യെ** ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്. വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**കെ.ആർ.എഫ്.ബി (പി.എം.യു)** |

| | | | |
|---|---|---|---|
| | | | 1. മലയോര ഹൈവേ പൂക്കോട്ടുംപാടം- കാളിക്കാവ്-കരുവാരക്കുണ്ട്- ചിറയ്ക്കൽ റോഡ്<br><br>മലയോര ഹൈവേ പ്രവൃത്തിയ്ക്ക് 3500 കോടി രൂപയുടെ തത്ത്വത്തിൽ ഭരണാനുമതി നല്കി.<br><br>എ) ഫേസ് 1- കാളിക്കാവ് മുതൽ കരുവാരക്കുണ്ട്-ചിറക്കൽ കി.മീ.60/200- കി.മീ.68/900 വരെ<br><br>നിലവിൽ പ്രവർത്തിയുടെ 40% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ബി) ഫേസ്-2 പൂക്കോട്ടുംപാടം മുതൽ കാളിക്കാവ് കി.മീ.47/390-60/200 വരെ<br><br>കരാർ വയ്ക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.<br><br>2) പള്ളിശ്ശേരി അമ്പലക്കടവ് റോഡ്<br><br>പ്രസ്തുത പ്രവൃത്തിയ്ക്ക് 10 കോടി രൂപയുടെ തത്ത്വത്തിൽ ഭരണാനുമതി നല്കി. ഡി.പി.ആർ സാമ്പത്തികാനുമതിയ്ക്കായി കിഫ്ബിയിൽ സമർപ്പിച്ചു.<br><br>3) പൂളമണ്ണ-താളിയാങ്കുണ്ട്- വാണിയമ്പലം റോഡ്<br><br>പ്രസ്തുത പ്രവൃത്തിയ്ക്ക് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കുകയും നിലവിൽ 90% പൂർത്തീകരിക്കുകയും ചെയ്തു.<br><br>4) മലപ്പുറം ജില്ലയിലെ മുണ്ടേങ്ങര പുള്ളിപ്പാടം ഓടായിൽക്കൽ വീട്ടിക്കുന്ന് (കി.മീ.0/000-15/350) റോഡ്<br><br>പ്രസ്തുത പ്രവർത്തി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് 15 കോടി രൂപയുടെ തത്ത്വത്തിൽ ഭരണാനുമതി നല്കി. പദ്ധതി വേഗത്തിലാക്കുന്നതിന് ആദ്യ ഘട്ടം എന്ന നിലയിൽ മുണ്ടേങ്ങര മുതൽ ഓടായിക്കൽ വരെ (കി.മീ.0/000-8/200) യുള്ള റോഡ് നവീകരിക്കുന്നതിന് പുതുക്കിയ ഡി.പി.ആർ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>2023-23 സാമ്പത്തിക വർഷത്തേയ്ക്ക് വണ്ടൂർ മണ്ഡലത്തിലെ കുലിപ്പറമ്പ്-കുരാട്-പള്ളിപ്പടി-മമ്പാട്ടുമൂല, കരുവാരക്കുണ്ട്-കുട്ടത്തി-നീലഞ്ചേരി-കാളിക്കാവ് എന്നീ റോഡുകളിൽ റണ്ണിംഗ് കോൺട്രാക്ട് -1 എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ